**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1258** **27-07-2021 - ൽ മറുപടിയ്ക്ക്**

**ലോക്ക്ഡൗൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ലോക്ക്ഡൗൺ മുതൽ സർവ്വീസ് നിർത്തിവെച്ച കോൺട്രാക്ട് കാര്യേജ് വിഭാഗത്തിൽപ്പെട്ട സ്വകാര്യ ടൂറിസ്റ്റ് ബസ്സുടമകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | വാഹന സംബന്ധമായ എല്ലാത്തരം രേഖകളുടെയും കാലാവധി 30.09.2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ലോക്ക്ഡൗൺ മുതൽ സർവ്വീസ് നിർത്തിവെച്ച കോൺട്രാക്ട് കാര്യേജ് വിഭാഗത്തിൽപ്പെട്ട സ്വകാര്യ/ ടൂറിസ്റ്റ് ബസ്സുടമകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ബസ്സുടമകളുടെയും തൊഴിലാളികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനുമുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചു നൽകിയിരുന്നു. ആദ്യ ഘട്ടത്തിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ സ്റ്റേജ് കാര്യേജ്, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 5000/- രൂപ വീതവും ഗുഡ്സ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 3500/- രൂപയും ടാക്സികാർ, ഒമ്നിവാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2500/- രൂപ വീതവും ഓട്ടോറിക്ഷാ, ട്രാക്ടർ തൊഴിലാളികൾക്ക് 2000/- രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയിരുന്നു.കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന സ്കാറ്റേർഡ് തൊഴിലാളികൾക്കും 1000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. ഇതോടൊപ്പം ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളികൾക്ക് 40,37,42,886/- രൂപ (നാല്പത് കോടി മുപ്പത്തിഏഴ് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത്തി ആറ് രൂപ മാത്രം)വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ വ്യാപനം അതിരൂക്ഷമാകുകയും |

| | | | |
|---|---|---|---|
| | | | ലോക്ഡൗൺ നീട്ടുകയും ചെയ്ത സാഹചര്യത്തിൽ മേൽ വിഭാഗത്തിലെ എല്ലാ തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1000/- രൂപ വീതം അനുവദിച്ച നൽകിയിരുന്നു. തൊഴിലാളികളുടെ സാമ്പത്തിക അരക്ഷിതാവസ്ഥ കണക്കിലെടുത്ത് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള ഒരു വർഷ കാലയളവിലെ ഉടമാ തൊഴിലാളി അംശാദായമായ ഏകദേശം 200കോടി രൂപ സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. 2021ൽ കോവിഡിന്റെ രണ്ടാം തരംഗത്തെ തുടർന്നുണ്ടായ ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്കാറ്റേർഡ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും തൊഴിലാളികൾക്കും 1000/- രൂപ വീതം അടിയന്തിര ധനസഹായമായി നാളിതുവരെ 1,41,029 തൊഴിലാളികൾക്ക് 14,10,29,000/-രൂപ (പതിനാല്ല കോടി പത്ത് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം രൂപ മാത്രം)ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള ഉടമാ തൊഴിലാളി അംശാദായം ഒഴിവാക്കി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. നികുതി ഒഴിവാക്കുന്നതടക്കമുള്ള കൂടുതൽ ആനുകൂല്യങ്ങൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | വാഹനത്തിന്റെ തരം | വാഹന നികുതി ഏതു കാലയളവിലേക്കാണ് ഒഴിവാക്കിയത് / സമയം ദീർഘിപ്പിച്ചു നൽകിയതിന്റെയും വിവരങ്ങൾ | സർക്കാർ ഉത്തരവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കോൺട്രാക്ട് കാര്യേജ് (ഓട്ടോ, ടാക്സി, ടൂറിസ്റ്റ് പെർമിറ്റ് ട്രാവലർ) | 01.04.2020 – 30.06.2020 | ജി.ഒ. (പി) നം.40/2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 15.08.2020 വരെ ദീർഘിപ്പിച്ചു. |
| | | | ജി.ഒ.(പി) നം.13/2020 | നികുതിയിൽ 20% ഇളവ് നൽകി. |
| | | 01.07.2020 – 30.09.2020 | ജി.ഒ.(പി) നം.45/2020 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |
| | | 01.10.2020 – 31.12.2020 | ജി.ഒ.(പി) നം.60/2020 | നികുതിയിൽ 50% ഇളവ് നൽകി. |
| | | | ജി.ഒ.(പി) നം.52/2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 30.11.2020 വരെ ദീർഘിപ്പിച്ചു. |
| | | 01.01.2021 – 31.03.2021 | ജി.ഒ.(പി) നം.9/2021 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |
| | | 01.04.2021 – 30.06.2021 | ജി.ഒ.(പി) നം.14/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31.05.2021 വരെ ദീർഘിപ്പിച്ചു. |
| | | 01.04.2021 – 30.09.2021 | ജി.ഒ.(പി) നം.21/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31.08.2021 വരെ ദീർഘിപ്പിച്ചു. |
| 2 | സ്റ്റേജ് കാര്യേജ് (ബസ്സുകൾ, സ്വകാര്യ ബസ്സുകൾ) | 01.04.2020 – 30.06.2020 | ജി.ഒ.(പി) നം.27/2020 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |
| | | 01.07.2020 – 30.09.2020 | ജി.ഒ.(പി) നം.45/2020 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |
| | | 01.10.2020 – 31.12.2020 | ജി.ഒ.(പി) നം.60/2020 | നികുതിയിൽ 50% ഇളവ് നൽകി. |
| | | | ജി.ഒ.(പി) നം.07/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 15.02.2021 വരെ ദീർഘിപ്പിച്ചു. |

| | | | | |
|---|---|---|---|---|
| | | | | |
| | | 01.01.2021 – 31.03.2021 | ജി.ഒ.(പി) നം.09/2021 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |
| | | 01.04.2021 – 30.06.2021 | ജി.ഒ.(പി) നം.14/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31.05.2021 വരെ ദീർഘിപ്പിച്ചു. |
| | | 01.04.2021 – 30.09.2021 | ജി.ഒ.(പി) നം.21/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31.08.2021 വരെ ദീർഘിപ്പിച്ചു. |